യിട്ടുണ്ട്. കൂടാതെ വിൽപ്പന നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാനും ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

18 (*411) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള പദ്ധതികൾ

പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യത്തിന്റെയും ലഹരിമരുന്നുകളുടെയും ഉപയോഗം തടയുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ലഹരിമരുന്നിനടിമകളായവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിയമവിധേയമല്ലാതെ മദ്യം ഉപയോഗിക്കുന്നതിനെതിരെ അബ്കാരി ആക്ട് അനുസരിച്ചും മയക്കുമരുന്നിനെതിരെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗംമൂലമുള്ള ദൂഷ്യവശങ്ങൾ എടുത്തുകാട്ടി അതിന്റെ ഉപയോഗം പരമാവധി തടയുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബഡ്ജറ്റിൽ 20 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

(സി) ലഹരി മരുന്നിനടിമകളായവരെ ചികിത്സിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് സന്നദ്ധസംഘടനകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന ബോധവൽക്കരണം, കൗൺസലിംഗ്, ചികിത്സ എന്നിവയ്ക്ക് സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ എന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായവും നൽകിവരുന്നുണ്ട്.

19 (*412) മയക്കുമരുന്നിന് അടിമപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മയക്കുമരുന്നിനടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മയക്കുമരുന്നിനടിമപ്പെടുന്നവരെ ചികിത്സിച്ചു സുഖപ്പെടുത്തുന്ന എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഗവൺമെന്റുടമയിലും സ്വകാര്യ ഉടമസ്ഥതയിലും എത്ര സ്ഥാപനങ്ങൾ വീതമാണെന്നും ഇവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) മയക്കുമരുന്നിനടിമപ്പെടുന്നവരെ ചികിത്സിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പയോ മറ്റു സഹായങ്ങളോ നൽകുന്നുണ്ടോ;

(ഇ) എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) പുനരധിവാസ പദ്ധതികൾ ഒന്നും നിലവിൽ ഇല്ല. എന്നാൽ ഇവർക്ക് പ്രത്യേക ചികിത്സ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ചികിത്സയ്ക്കായി കേന്ദ്ര സർക്കാർ 1997-ൽ 9 ലക്ഷം രൂപ എറണാകുളം ജില്ലാ ആശുപത്രിയിൽ ഒരു വാർഡ് പണിയുന്നതിനായി അനുവദിച്ചിട്ടുണ്ട്. വാർഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയനുസരിച്ച് 8 ലക്ഷം രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിനും ലഭിച്ചിട്ടുണ്ട്.

(ബി)&(സി) മയക്കുമരുന്നിനടിമകളായവർക്കുള്ള ചികിത്സ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള മനോരോഗ ചികിത്സാ വിഭാഗങ്ങളിലും സൈക്യാട്രി യൂണിറ്റുകൾ നിലവിലുള്ള 12 ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. കൂടാതെ ഇവരുടെ ചികിത്സയ്ക്കായി 'മുക്തി' എന്ന പേരിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ മനോരോഗ ചികിത്സാ വിഭാഗവും "ഫോം" എന്ന സന്നദ്ധ സംഘടനയും, പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് തിരുവനന്തപുരം, കോവളം, വള്ളക്കടവ് എന്നീ ഭാഗങ്ങളിലുള്ള ഐ.വി. യൂസേഴ്സിനെ (മയക്കു മരുന്നുകൾ കുത്തിവയ്ക്കുന്നവർ) ചികിത്സിക്കുന്നതിനുള്ള ഒരു സംരംഭം (സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതി) ആരംഭിച്ചു പ്രവർത്തിച്ചുവരുന്നു. കൂടാതെ കോഴിക്കോട് 'സുരക്ഷ' എന്നൊരു ഡീ-അഡിക്ഷൻ സെന്റർ അസോസിയേഷൻ ഓഫ് ദ വെൽഫെയർ ഫോർ ദ ഹാൻഡി കാപ്ഡ്-ന്റെ കീഴിൽ പ്രവർത്തിക്കുന്നു.

(ഡി)&(ഇ) സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രോഗ്രാമുകൾക്കും കേന്ദ്രസർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്.

1. ബോധവൽക്കരണത്തിനും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിന്

2. ലഹരി പദാർത്ഥങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും കൗൺസിലിംഗ് സെന്റർ നടത്തുന്നതിന്

3. ട്രീറ്റ്മെന്റ് കം റീഹാബിലിറ്റേഷൻ സെന്റർ നടത്തുന്നതിന്

4. വർക്ക്പ്ലേസ് പ്രിവൻഷൻ പ്രോഗ്രാമിന്

5. ഡീ-അഡിക്ഷൻ ക്യാമ്പ് നടത്തുന്നതിന്.

LIBRARY ARCHIVES Kerala Legislative Assembly